**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി :07.08.2024**

# കൈക്കൂലി വാങ്ങുന്നതിനിടെ അസിസ്റ്റന്റ് എഞ്ചിനീയർ വിജിലൻസ് പിടിയിൽ

പത്തനംതിട്ട ജില്ലയിലെ വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിലെ മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാരന്റെ 12.5 ലക്ഷം രൂപയുടെ ബിൽ തുക മാറി നൽകുന്നതിന് 37,000/- രൂപ കൈക്കൂലി ചോദിച്ചുവാങ്ങിയ അസിസ്റ്റന്റ് എഞ്ചിനീയർ വിജി വിജയനെ ഇന്ന് (07/08/2024) വിജിലൻസ് കൈയ്യോടെ പിടികൂടി.

വെച്ചൂച്ചിറ ഗ്രാമ പഞ്ചായത്തിലെ ഒരു കുളം നവീകരണ പ്രവർത്തി ഏറ്റെടുത്ത കരാറുകാരന്റെ ആദ്യ ഗഡു തുകയായ 9.5 ലക്ഷം രൂപ കരാറുകാരന് നേരത്തെ മാറി നൽകിയിരുന്നു. അന്നേരം കൈക്കൂലി ആവശ്യപ്പെട്ടിരുന്നെങ്കിലും പരാതിക്കാരൻ നൽകിയില്ല. തുടർന്ന് അന്തിമ ബില്ലായ 12.5 ലക്ഷം രൂപ മാറി നൽകണമെങ്കിൽ ആദ്യ ബില്ലിന്റെ കൈക്കൂലിയും ചേർത്ത് ആകെ ഒരു ലക്ഷം രൂപ കൈക്കൂലി വേണമെന്ന് അസിസ്റ്റന്റ് എഞ്ചിനീയറായ വിജി വിജയൻ കരാറുകാരനോട് ആവശ്യപ്പെട്ടു. തുടർന്ന് പല പ്രാവശ്യം അസിസ്റ്റന്റ് എഞ്ചിനീയറെ നേരിട്ട് കണ്ട് കൈക്കൂലി തുക കുറക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കഴിഞ്ഞ തിങ്കളാഴ്ച 50,000/- രൂപയാക്കി കുറക്കുകയും, ആദ്യ ഗഡുവായി അന്നേരം കൈയിലുണ്ടായിരുന്ന 13,000/- രൂപ കൈയോടെ വാങ്ങുകയും ചെയ്തു. ബാക്കി തുകയായ 37,000/- രൂപയുമായി ഇന്ന് ഓഫീസിലെത്താൻ കരാറുകാരനോട് ആവശ്യപ്പെടുകയും ചെയ്തു. തുടർന്ന് പരാതിക്കാരൻ ഈ വിവരം വിജിലൻസ് പത്തനംതിട്ട യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ. ഹരി വിദ്യാധരനെ അറിയിക്കുകയും അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി ഇന്ന് (07/08/2024) ഉച്ചക്ക് 01:00 മണിയോടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ വച്ച് പരാതിക്കാരനിൽ നിന്നും 37,000/- രൂപ കൈക്കൂലി വാങ്ങവെ അസിസ്റ്റന്റ് എഞ്ചിനീയറായ വിജി വിജയനെ വിജിലൻസ് സംഘം കൈയോടെ പിടികൂടുകയാണുണ്ടായത്. വിജിലൻസ് നടപടി ക്രമങ്ങൾക്ക് വിജിലൻസ് തെക്കൻ മേഖല പോലീസ് സൂപ്രണ്ട് ശ്രീ. കെ.കെ.അജി ഐ.പി.എസ് നേതൃത്വം നൽകി മേൽനോട്ടം വഹിച്ചു. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ ഹാജരാക്കും.

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ഹരി വിദ്യാധരനെ കൂടാതെ ഇൻസ്പെക്ടർമാരായ ശ്രീ. രാജീവ്.ജെ, ശ്രീ. അനിൽ കുമാർ.കെ, ശ്രീ.

വിപിൻ കുമാർ.യു.പി പോലീസ് സബ് ഇൻസ്പെക്ടറായ ശ്രീ. ഷാജി അസ്സി. സബ് ഇൻസ്പെക്ടർമാരായ ശ്രീ. ബിജു, ശ്രീ. പുഷ്പ കുമാർ, ശ്രീ. ഹരിലാൽ സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. മണി ലാൽ, ശ്രീ. രാജീവ് സിവിൽ പോലീസ് ഓഫീസർമാരായ ശ്രീ. രഞ്ചിത്ത്, ശ്രീ. അനീഷ്, ശ്രീ. കിരൺ, ശ്രീ. അജീർ, ശ്രീമതി. രേഷ്മ രാജ് എന്നിവരുമുണ്ടായിരുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി.കെ.വിനോദ് കുമാർ ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.